# സാസ്ത്തീ

മഞ്ഞുമ്മൽ അമലോത്ഭവ മാതാ ഇടവക വാർത്താ പത്രിക | 2022 സെപ്റ്റംബർ - ഒക്ടോബർ



Love

25



23 November
Jose Dixon &
Gean George

# Wedding Anniversary



18 August
Francis D'cruz &
Disney



21 September
Sajan &
Cloudia

Wishes from
Family
members



# സ്വസ്തി

2022 സെപ്റ്റംബർ – ഒക്ടോബർ


രക്ഷാധികാരി
**റവ. ഫാ. ടൈറ്റസ് കാരിക്കശ്ശേരി ഒ.സി.ഡി.**

ചീഫ് എഡിറ്റർ
**ജയ്സൺ റ്റി.ജോൺ തെക്കെവിള**

മാനേജിംഗ് എഡിറ്റർ
**ഫിലോമിന ജോഷി**

പത്രാധിപസമിതി
**ജോസ് ഡിക്സൻ കെ.എക്സ്.**
**ഫ്രാൻസിസ് ഡിക്രൂസ്, ആന്റണി രാജു**
**റീന ബെനഡിക്ട്, നിഷ ഷൈജു,**
**എബി റോഷിൻ,**
**ഷാൾട്ടൻ കൊറയ, ബെറ്റ്സി ബിജു,**
**ആൽഫിൻ സെബാസ്റ്റ്യൻ,**
**ജോയൽ ജോണി**

ഉപദേശക സമിതി
**റവ. ഫാ. ഡാനി ആന്റണി ഒ.സി.ഡി.**
(സഹവികാരി)
**വർഗീസ് പുളിക്കൽ**
(ലീഡർ, ഫാമിലി യൂണിറ്റ്,
കേന്ദ്ര നിർവ്വാഹക സമിതി)
**ജിപ്സൻ സിക്കേര**
(ചീഫ് ഫോട്ടോഗ്രാഫർ ദി ടൈംസ് ഓഫ് ഇന്ത്യ)


## അകത്താളുകളിൽ


എഡിറ്റോറിയൽ
ഇടയമൊഴി
പൈതൃകം
സുന്ദരനിമിഷങ്ങളുടെ സൂക്ഷിപ്പുകാരൻ
ലാറ്ററൽ പാർശ്വ അൾത്താരകൾ
ഇടവക വാർത്തകൾ



Layout : **L.F. Press, Manjummel.**
Cover : **Shalton Correya Poovathumparambil**






# ഹെയ്ൽ മേരി പാസുകൾ

മറ്റൊരു മാർഗ്ഗവും മുന്നിലില്ലെങ്കിൽ മാതാവിനെ വിളിക്കുക ഈ പോംവഴിയാണ് അമേരിക്കയിലെ ഗ്രിഡ് അയൺ ഫുട്ബോളിൽനിന്നും പ്രശസ്തി നേടിയ ഹെയിൽ മേരി പാസ്സിന്റെ ഉത്ഭവം.

ഏതാണ്ട് അൻപതാണ്ട് മുൻപ് ബദ്ധവൈരികളായ ഡാലസ് കൗ ബോയ്സും മിനസോട്ട വൈകിങ്സും തമ്മിലുള്ള മത്സരത്തിൽ തോൽവി ഉറപ്പാക്കിയ കൗബോയ്സിനെ വിജയിപ്പിച്ചത് ടീമംഗം സ്റ്റോബാക്കിന്റെ അവസാന മിനിറ്റിലെ ഏറാണ്. ഇതേക്കുറിച്ച് പത്രക്കാർ ചോദിച്ചപ്പോൾ സ്റ്റോബാക് പറഞ്ഞു: പന്തെടുത്തു, കണ്ണടച്ചു, നന്മനിറഞ്ഞ മറിയമേ ചൊല്ലി, ഒറ്റയേറ്... അങ്ങനെ ഹെയിൽ മേരി പാസ് ചരിത്രമായി.



2014 ലോകകപ്പിൽ അർജന്റീനയ്ക്കുവേണ്ടി ലയണൽ മെസ്സി 91-ാം മിനിറ്റിൽ നേടിയ ഗോൾ; ഇറാനെതിരെ നേടിയ ആ ഗോൾ നേട്ടത്തിനെ ഹെയിൽ മേരി പാസ്സായി വാഴ്ത്തിയവരേറെ! മറ്റ് മാർഗ്ഗങ്ങളെല്ലാം അടയുമ്പോൾ അവസാന അഭയം! കായിക ലോകത്ത് ഈ പദം സാധാരണമായി. തോൽവി മാത്രം മുന്നിലുള്ളപ്പോൾ രണ്ടും കൽപ്പിച്ച് കളിക്കാർ നടത്തുന്ന ശ്രമം; അതും അവസാന നിമിഷം!

പ്രതിസന്ധികൾക്ക് മുന്നിൽ നന്മനിറഞ്ഞ മറിയമേ ചൊല്ലുക; തടസ്സങ്ങൾ ഒന്നൊന്നായി ഒഴിഞ്ഞുപോകും! ഇത് മദർ തെരേസ നൽകിയ പാഠമാണ് ആ വിഷയം മാതാവിന് പാസ്സ് ചെയ്തേക്കുക! സന്ദിഗ്ധ ഘട്ടങ്ങളിൽ ദൈവത്തെ, മാതാവിനെ വിളിക്കാനുള്ള കൃപയാണ് വേണ്ടത്. ആ മനസ്സാന്നിധ്യമുണ്ടെങ്കിൽ എന്തിനു ടെൻഷൻ?

ഹെയിൽ മേരി പാസ്സുകൾ ഇടവകയിലെ ഓരോരുത്തരെയും വിജയപീഠങ്ങളിലെത്തിക്കട്ടെ! തിരുനാൾ മംഗളങ്ങൾ

**ജയ്സൺ റ്റി. ജോൺ**
ചീഫ് എഡിറ്റർ

# ഇടയമൊഴി





പ്രിയപ്പെട്ടവരെ,

**ഇ**ടവക തിരുന്നാൾ ദിനങ്ങളിലേക്കും, തിരുനാളുകളുടെ തിരുനാളായ തിരുപ്പിറവി ആഘോഷത്തിലേക്കും നാം കടക്കുകയാണ്. നമ്മുടെ കൂട്ടായ്മയുടെ, പ്രകടനത്തിന്റെ, വിശ്വാസത്തിന്റെ, ആഴപ്പെടുത്തലിന്റെ, സ്നേഹത്തിന്റെ, വെളിപ്പെടുത്തലിന്റെ ദിനങ്ങളിലേക്ക് നാം കടക്കുന്നു. ഇവയ്ക്കുവേണ്ടിയുള്ള ഒരുക്കങ്ങൾ നമ്മുടെയുള്ളിലും നടക്കട്ടെ. കുടുംബയൂണിറ്റുകളും വ്യത്യസ്തമായ സംഘടനകളുമെല്ലാം ഈ ആഘോഷത്തിന്റെ ഭാഗമായി മാറുമ്പോൾ ദൈവത്തിലുള്ള വിശ്വാസവും ആശ്രയവും മാത്രമായിരിക്കട്ടെ അടിസ്ഥാനം. ബാഹ്യമായ ആഘോഷങ്ങൾ ഒരുമയിലേക്കും സഹകരണത്തിലേക്കും പങ്കുവയ്പിലേക്കും നയിക്കട്ടെയെന്ന് ആശംസിക്കുന്നു.

അമ്മയുടെ മാധ്യസ്ഥം നമ്മെ നയിക്കട്ടെ! അമ്മയുടെ സുകൃതങ്ങൾ ജീവിതത്തിന്റെ വഴിവിളക്കുകളാകട്ടെ! തിരുപ്പിറവിയാഘോഷം ഒരിക്കൽകൂടി രക്ഷയുടെ, പ്രതീക്ഷയുടെ, സന്തോഷത്തിന്റെ, സൗഖ്യത്തിന്റെ, അനുരഞ്ജനത്തിന്റെ, ജീവന്റെ രക്ഷയുടെ വാതിലുകൾ നമ്മുടെ മുമ്പിൽ തുറക്കട്ടെ! എല്ലാവർക്കും വരുംദിനങ്ങളിലെ ആഘോഷങ്ങളുടെ എല്ലാ അനുഗ്രഹങ്ങളും ആശംസിക്കുന്നു.

ഒത്തിരി സ്നേഹത്തോടെ,

**ഫാ. ടൈറ്റസ് കാരിക്കശ്ശേരി ഒ.സി.ഡി.**

വികാരിയച്ചൻ.





## *ഈശോമിശാഹായ്ക്ക് സ്തുതിയായിരിക്കട്ടെ*

വിശ്വാസത്തിന്റെ സന്തോഷം വിളിച്ചോതുന്ന തിരുനാൾ ദിവസങ്ങളും തുടർന്ന് ഉണ്ണീശോയുടെ വരവും നമ്മിൽ സമാധാനവും പ്രത്യാശയും നിറക്കുന്ന ദിനങ്ങളാവട്ടെ.

തിരുനാൾ ഏറ്റം ഒരുക്കത്തോടും ഐക്യത്തോടും ആഘോഷിക്കാൻ നമുക്കാവട്ടെ. ഇടവകയിലെ എല്ലാ കുടുംബങ്ങളുടെയും ഈ നാടിന്റെയും ഐക്യം വർദ്ധിപ്പിക്കാൻ ഈ തിരുനാൾ ദിനങ്ങളിൽ പ്രത്യേകമായി നമുക്കു പ്രാർത്ഥിക്കാം പരിശ്രമിക്കാം. പരിശുദ്ധ അമ്മയുടെ സാമീപ്യം നമുക്കെല്ലാ വർക്കും ഉണ്ടായിരിക്കട്ടെ.

മംഗളവാർത്ത അറിയുമ്പോൾ മുതൽ പരിശുദ്ധ അമ്മയുടെ ജീവിതത്തിൽ ആകുലപ്പെടാനും അവിശ്വസിക്കാനും നിറയെ കാരണങ്ങൾ ഉണ്ടായെങ്കിലും വിശ്വാസത്തോടുള്ള പ്രാർത്ഥന വഴി ദൈവസ്നേഹത്തിൽ വളർന്ന് എല്ലാ പ്രതികൂല സാഹചര്യങ്ങളെയും അതിജീവിക്കാൻ പരിശുദ്ധ അമ്മയ്ക്കും യൗസേപ്പിതാവിനും കഴിഞ്ഞു.

ദൈവത്തിൽനിന്നുള്ള സന്ദേശം യൗസേപ്പിതാവിനു നിദ്രയിലാ യിരിക്കവേ ലഭിക്കുന്നു എങ്കിലും പരിശുദ്ധ അമ്മ അതു സ്വമനസ്സാ അംഗീകരിച്ച് യൗസേപ്പിതാവിന്റെ നിർദ്ദേശങ്ങൾ സ്വീകരിച്ചു. തനിക്കേറ്റം പരിചരണം ആവശ്യമുള്ളപ്പോൾപോലും ഉണ്ണീശോയുടെ രക്ഷാർത്ഥം അന്യദേശത്തേക്ക് പലായനം ചെയ്തു.

ലഹരിയുടെ അമിത ഉപയോഗം നമ്മുടെ പല മക്കളുടെയും ജീവിതത്തെ കാർന്നു തിന്നുമ്പോൾ ഉണ്ണിയേശുവിന്റെ സാമീപ്യം, കാവൽ മാലാഖമാരുടെ സാന്നിധ്യം, നിങ്ങൾക്കായി ഒരു രക്ഷകൻ വന്നിരിക്കുന്നു എന്ന മാലാഖമാരുടെ സന്ദേശം നമുക്കെല്ലാവർക്കും പ്രത്യേകിച്ചു ലഹരിയുടെ കെണിയിലായിരിക്കുന്ന എല്ലാ മക്കൾക്കും ഉണ്ടാവട്ടെ. നമ്മുടെ കുടുംബങ്ങളെല്ലാം തിരുക്കുടുംബങ്ങളാകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

**ഫാ. ഡാനി ആന്റണി ഒ.സി.ഡി.**
കൊച്ചച്ചൻ

## പൈതൃകം







ഫാ. ജോസി കുര്യാപ്പിള്ളി ഒ.സി.ഡി.

# ദിവംഗതനായ ആർച്ചുബിഷപ്പ് ബർണഡിൻ ബച്ചിനെല്ലി ഒ.സി.ഡി.

**1868** സെപ്റ്റംബർ 5 വിശുദ്ധ തെരേസയുടെ മെത്രപ്പോലീത്ത ബർണഡിൻ ബച്ചിനെല്ലി ഒ.സി.ഡി. ദിവംഗതനായി. 1807 മാർച്ച് 17 ന് ഇറ്റലിയിലാണ് ഇദ്ദേഹം ജനിച്ചത്. കർമ്മലീത്താസഭയിൽ പ്രവേശിച്ച അദ്ദേഹം 1824 ഡിസംബർ 8 ന് തന്റെ പ്രഥമ വ്രതവാഗ്ദാനം നടത്തി. 1833 ൽ അദ്ദേഹത്തെ സഭ ഇന്ത്യയിലേക്കയച്ചു. 1845 ൽ അദ്ദേഹം കൊല്ലം രൂപതയുടെ "Pro Vicar Apostolic" ആയി നിയമിതനായി. 1847 മെയ് 23 ന് ഹെരാക്ലേയയുടെ ബിഷപ്പായി നിയമിതനായി. 1859 മെയ് 24 ന് ഫാർസാലിയ അതിരൂപതയുടെ മെത്രാപ്പോലീത്തയായി നിയമിക്കപ്പെട്ടു. 1868 ജൂലൈയിൽ ഉദരസംബന്ധമായ രോഗങ്ങളാൽ അവശനായ പിതാവിനുവേണ്ടി ബ്രദർ നിക്ലാവൂസ് വൈദ്യൻ തന്നാൽ കഴിയുന്നതെല്ലാം ചെയ്തു. ആഗസ്റ്റ് 17-ാം തീയതി തന്റെ അന്ത്യയാത്രയ്ക്കുള്ള ഒരുക്കമെന്നോണം മെത്രാപ്പോലീത്ത ദിവ്യകാരുണ്യം സ്വീകരിച്ചു. വരാപ്പുഴ അതിരൂപതയുടെ മെത്രാപ്പോലീത്തയായി നിയമിച്ചുകൊണ്ടുള്ള പരിശുദ്ധപിതാവിന്റെ കത്ത് ലഭിക്കുമ്പോഴേക്കും മെത്രാപ്പോലീത്താ അതീവ രോഗാതുരനായിരുന്നു. പരിശുദ്ധപിതാവിന്റെ കത്ത് വായിച്ചത് മെത്രാപ്പോലീത്തായുടെ മൃത സംസ്കാരത്തിന് തൊട്ടുമുൻപായിരുന്നു എന്ന് പറയപ്പെടുന്നു.

കൂനമ്മാവിലെ TOCD യുടെ നാളാഗമത്തിൽ സൂചിപ്പിച്ചിരിക്കുന്നത് അദ്ദേഹത്തിന്റെ അവസാന നാളുകളിൽ രോഗം വളരെയധികം മൂർഛിക്കുകയും ഒരുതുള്ളി ജലം പോലും കുടിക്കാൻ പറ്റാത്ത അവസ്ഥയിലായിരുന്നുവെന്നുമാണ്. തന്റെ ആത്മാവിനെ ദൈവകരങ്ങിൽ ഏല്പിക്കുന്ന പ്രാർത്ഥന അദ്ദേഹം സ്വയമേവ ചൊല്ലി. വൈകിട്ട് ഏതാണ്ട്

മൂന്നുമണിയോടെ ആശ്രമത്തിലെ എല്ലാ അംഗങ്ങളും എത്തിച്ചേർന്നു. തന്റെ ജീവിതത്തിന്റെ അവസാന നിമിഷങ്ങളിൽ സർവ്വരോടും തെറ്റുകൾക്ക് മാപ്പപേക്ഷിക്കുകയും തന്റെ നന്മരണത്തിനായി പ്രാർത്ഥിക്കുവാൻ അഭ്യർത്ഥിക്കുകയും ചെയ്തു. ഫാ. ലിയോപോൾഡ് ആശ്രമത്തിലെ എല്ലാ സന്യസ്തർക്കുംവേണ്ടി മാപ്പുചോദിക്കുകയും ആശീർവാദത്തിനായി പിതാവിനോട് അഭ്യർത്ഥിക്കുകയും ചെയ്തു. പിതാവ് ഒരു ജപമാലയ്ക്കു വേണ്ടി അഭ്യർത്ഥിക്കുകയും അതിൽ ചുംബിക്കുകയും തന്റെ കരങ്ങളോട് ചേർത്തുപിടിക്കുകയും ചെയ്തു. ജീവശ്വാസം സാവധാനത്തിലായിത്തുടങ്ങിയപ്പോൾ ഒരു വൈദീകൻ ആത്മാവിനെ ദൈവകരങ്ങളിൽ സമർപ്പിക്കുന്ന പ്രാർത്ഥന സാവധാനം ചൊല്ലി. ഫാ. ലിയോപോൾഡ് മുട്ടുകുത്തിനിന്ന് ആ പ്രാർത്ഥന അദ്ദേഹത്തിന്റെ കാതുകളിൽ ചൊല്ലിക്കൊടുത്തു. മറ്റൊരു സഹോദരൻ ഒരു മരക്കുരിശുരൂപം അദ്ദേഹത്തിന് കാണാവുന്ന രീതിയിൽ പിടിച്ചുകൊണ്ടുനിന്നു. അവസാനം പ്രാർത്ഥനകളെല്ലാം ബോധപൂർവ്വം ശ്രവിച്ച് ക്രൂശിതനെനോക്കി 5.15 ന് തന്റെ ആത്മാവിനെ ദൈവകരങ്ങളിൽ സമർപ്പിച്ചു.

അടുത്തദിവസം ഞായറാഴ്ച ആശ്രമാംഗങ്ങളും, സെമിനാരി കുട്ടികളും 52 ഇടവകകളിൽ നിന്നുള്ള വിശ്വാസികളും മറ്റു സംഘടനാംഗങ്ങളും ചേർന്ന് ലത്തീൻ റീത്തിലും, സിറിയൻ റീത്തിലും മരിച്ച ആത്മാവിനുവേണ്ടിയുള്ള പ്രാർത്ഥനകൾ ചൊല്ലി. അദ്ദേഹത്തിന്റെ പിൻതുടർച്ചക്കാരനായ ലെയനാർഡ് മെല്ലാനേ മെത്രാപ്പോലീത്ത മൃതസംസ്കാരകർമ്മങ്ങൾക്ക് നേതൃത്വം നൽകി. അന്നത്തെ പ്രിയോരായിരുന്ന ചാവറ കുരിയാക്കോസ് ചരമപ്രസംഗം നത്തി. 1868 സെപ്തംബർ 6 ന് വൈകിട്ട് അദ്ദേഹത്തിന്റെ ശരീരം വരാപ്പുഴ മൗണ്ട് കാർമ്മൽ സെന്റ് ജോസഫ് ആശ്രമദേവാലയത്തിൽ സംസ്കരിച്ചു.

ബച്ചിനെല്ലി പിതാവ് ഇന്നും നവീകരണത്തിന്റെയും നവോത്ഥാനത്തിന്റെയും വ്യക്തിത്വമായി അറിയപ്പെടുന്നു. അദ്ദേഹത്തിന്റെ സംഭാവനകളാണ് താഴെ പറയുന്നവ : വരാപ്പുഴ അതിരൂപതയുടെ സ്ഥാപനം, TOCD ലത്തീൻ സഭ, മഞ്ഞുമ്മൽ സ്ഥാപനം, TOCD സിറിയൻസഭ മാന്നാനം, CTC സന്യാസ സഭ, പള്ളിക്കൊപ്പം പള്ളിക്കൂടം ഉത്തരവ്, പിടിയരിച്ചോറ്, കൂനമ്മാവ് 40 മണി ദിവ്യകാരുണ്യ ആരാധന, റോക്കോ പാഷണ്ഡതയ്ക്ക് എതിരെയുള്ള പ്രവർത്തനം, കൂനമ്മാവും പുത്തൻപള്ളിയിലും സെമിനാരി സ്ഥാപനം, മല്പാനേറ്റ് സംവിധാനത്തിന്റെ അവസാനം, കൂനമ്മാവ് അച്ചുകളും എന്നിവ.

(തുടരും)



# സുന്ദരനിമിഷങ്ങളുടെ സൂക്ഷിപ്പുകാരൻ

**ലോക ഫോട്ടോഗ്രഫിയിൽ സ്വന്തം കണ്ണൊപ്പ് ചാർത്തുകയാണ് ജോഷി മഞ്ഞുമ്മൽ എന്ന പ്രതിഭ**





**കാ**ഴ്ചപ്പാടാണ്, ക്യാമറയുടെ വിലയല്ല നാം പകർത്തുന്ന ചിത്രത്തെ ആകർഷകമാക്കുന്നത്. ജോഷി മഞ്ഞുമ്മൽ ഇതു പറയുമ്പോൾ ഫ്ളാഷ് മിന്നുന്നത് കലയുടെ ആത്മബോധ്യത്തിലേക്ക്.

ഫോട്ടോഗ്രാഫേഴ്സ് അസോസിയേഷന്റെ ദേശീയ പുരസ്കാരം ഏറ്റു വാങ്ങുന്ന ഫോട്ടോഗ്രഫി കലാകാരനായ ജോഷിക്ക് ഒരു പക്ഷേ ഇത് എണ്ണമറ്റ പുരസ്കാരങ്ങളുടെ കണ്ണിയിൽ ഒന്നു കൂടി. ഫ്രാൻസിസ്ക്കൻ സന്ന്യാസിനിമാർ നടത്തുന്ന ടൈപ്പ്റൈറ്റിങ് ഇൻസ്റ്റിറ്റ്യൂട്ട് വിദ്യാർത്ഥിയായിരിക്കേ വിനോദയാത്രയ്ക്ക് പോയപ്പോൾ ഒപ്പം കൊണ്ടുപോയ കൊച്ചു ക്യാമറയാണ് ജോഷിയിലെ ഫോട്ടോഗ്രാഫറെ തിരിച്ചറിഞ്ഞത്. കൂട്ടുകാരുടെ അഭിനന്ദനങ്ങളായിരുന്നു ആദ്യപുരസ്കാരം.

2004-ൽ സംസ്ഥാന സർക്കാർ ആദ്യമായി ഏർപ്പെടുത്തിയ ഫോട്ടോ ഗ്രഫി പുരസ്ക്കാരം തേടിയെത്തിയത് ഈ മഞ്ഞുമ്മലുകാരനെയാണ്. ഇതേ അവാർഡ് 2007 ലും നേടി. 2008-ൽ കേരള ലളിതകലാ അക്കാദമി അവാർഡ്. കേരള ടൂറിസത്തിന്റെ, വിദേശങ്ങളിൽ പ്രചരിക്കുന്ന ബ്രോഷറുകളിൽ നിറഞ്ഞു നിൽക്കുന്നത് ജോഷിയുടെ സ്വന്തം ചിത്രങ്ങൾ. കേരള ടൂറിസ ത്തിന്റെ പ്രചാരണം നടത്തുന്ന സ്റ്റാർക് കമ്മ്യൂണിക്കേഷന്റെ സീനിയർ ഫോട്ടോഗ്രാഫറണാണ് ജോഷി.

വ്യവസായ സ്ഥാപനങ്ങൾക്കു വേണ്ടി ഒരുക്കുന്ന കോഫി ടേബിൾ ബുക്കുകളിൽ നാഷണൽ തെർമൽ പവർ കോർപറേഷൻ, കോട്ടയ്ക്കൽ ആര്യ വൈദ്യശാല എന്നിവയ്ക്കുവേണ്ടി ജോഷി പകർത്തിയ ചിത്രങ്ങൾ കണ്ട് തിരുവനന്തപുരത്തെ ഇൻബിസ് മൾട്ടി മീഡിയയാണ് ഫോട്ടോഗ്ര ഫിയിലെ പ്രൊഫഷണിലിസം തിരിച്ചറിഞ്ഞത്. പിന്നീട് കേരള കലാമണ്ഡ ലത്തെക്കുറിച്ച് ചെയ്ത പ്രോജക്ടിലെ ചിത്രങ്ങളും ഫോട്ടോഗ്രഫി മേഖല യിൽ ജോഷിയുടെ കൺമുദ്ര ചാർത്തി. തുടർന്ന് ഛായാ ചിത്ര മേഖല യിൽ ജോഷി പ്രതിഭ തെളിയിച്ചു കൊണ്ടേയിരിക്കുന്നു. മഞ്ഞുമ്മൽ ഇട വക മേരി മാതാ യൂണിറ്റ് വാവേലിൽ കുടുംബാംഗമാണ് ജോഷി. ഭാര്യ ഷീല, മക്കൾ വിമൽ, അമ്മു (ഫോൺ. 9447148253)

**ടീം സ്വസ്തി**

## മഹത്വചനം

"സ്വർഗത്തിന്റെയും ഭൂമിയുടെയും രാജ്ഞിയായി മറിയത്തെ തിര ഞ്ഞെടുത്തത് ദൈവമാണ്. എല്ലാ മാലാഖമാരെക്കാളും എല്ലാ വിശു ദ്ധരെക്കാളും വിശുദ്ധ സ്ഥാനം മറിയത്തിന് അവകാശപ്പെട്ടതാണ്. സ്വർഗത്തിൽ തന്റെ പുത്രനായ യേശുവിന്റെ വലതുഭാഗത്ത് മറിയം ഉപവിഷ്ടയായിരിക്കുന്നു. നമ്മുടെ പ്രാർത്ഥനകളും അപേക്ഷകളും മാതാവ് യേശുവിന്റെ സമീപത്ത് എത്തിക്കുന്നു."

**- പോപ്പ് പീയൂസ് XII-ാമൻ**

സ്വസ്തിയിലേക്കുള്ള നിങ്ങളുടെ രചനകളും പരസ്യങ്ങളും പാരിഷ് ഓഫീസിൽ എത്തിക്കുകയോ swasthieditorial@gmail.com എന്ന ഇ-മെയിലിൽ അയക്കുകയോ ചെയ്യുക.



# അനുഗ്രഹത്തിന്റെ അത്ഭുത നീരുറവ

**അ**മലോത്ഭവ മാതാവിന്റെ തീർത്ഥാടന കേന്ദ്രമായ ലൂർദ്ദിൽ പരിശുദ്ധ അമ്മ നിരവധി അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതായി ലൂയിസ് ബൊയോ എന്ന മനുഷ്യൻ കേട്ടു. ഖനി തൊഴിലാളിയായ അയാളുടെ കണ്ണുകൾക്ക് ഇരുപത് വർഷം മുൻപ് ഒരു അപകടത്തെതുടർന്നു കാഴ്ച നഷ്ടപ്പെട്ടിരുന്നു. ലൂർദ്ദിലെ നീരുറവയിൽ നിന്നുള്ള ജലം തന്റെ കണ്ണുകൾക്ക് കാഴ്ച തരുമെന്നു അയാൾ അടിയുറച്ചു വിശ്വസിച്ചു. തന്റെ മകളെ വിളിച്ച് ഇപ്രകാരം അറിയിച്ചു "മകളെ പരിശുദ്ധ അമ്മയുടെ നീരുറവയിൽനിന്ന് എനിക്ക് കുറച്ച് വെള്ളം കൊണ്ടുതരുക" പുത്രി ഉടനടി നീരുറവയിലെ ജലം കൊണ്ടുവരികയും ലൂയിസ് പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം യാചിച്ചുകൊണ്ട് ആ ജലം കൊണ്ട് കണ്ണുകൾ കഴുകുകയും ചെയ്തു. ഉടൻതന്നെ അയാൾക്ക് കാഴ്ച ലഭിക്കുകയും ചെയ്തു. സന്തോഷത്തോടെ "എന്റെ കണ്ണിന് കാഴ്ച ലഭിച്ചു" എന്ന് ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. അവിടെ കൂടിയിരുന്നവരും അത്ഭുതസ്തബ്ധരായി. ഒരു നിമിഷം വൈകാതെ ലൂയിസ് തന്റെ ഡോക്ടറായ ഡോ. സോനസിന്റെ വസതിയിലേക്ക് പാഞ്ഞെത്തി. ഡോക്ടറെ കണ്ടമാത്രയിൽ ആനന്ദത്താൽ അയാൾ ഉന്മത്തനായി വിളിച്ചുപറഞ്ഞു എന്റെ കണ്ണിന് കാഴ്ച ലഭിച്ചിരിക്കുന്നു. അത് സാധ്യമല്ല ലൂയിസെ നിന്റെ കണ്ണ് യാതൊരു ചികിത്സകൊണ്ടും സുഖപ്പെടുത്താൻ പറ്റില്ല എന്ന് ഡോക്ടർ മറുപടി പറഞ്ഞു. തന്റെ കാഴ്ച തിരികെ ലഭിച്ചതും ലൂർദ്ദിലെ നീരുറവയിലെ ജലം കൊണ്ട് കഴുകിയപ്പോഴാണ് ഇത് സംഭവിച്ചതെന്നും ലൂയിസ് സാവധാനത്തിൽ തന്റെ കുടുംബഡോക്ടറെ പറഞ്ഞു മനസ്സിലാക്കി. ഡോക്ടർ അതിസൂക്ഷ്മതയോടെ ലൂയിസിന്റെ കണ്ണുകൾ പരിശോധിച്ചതിനുശേഷം ലൂയിസിനു കാഴ്ച വീണ്ടുകിട്ടിയതായി പ്രഖ്യാപിച്ചു. മനുഷ്യശക്തിക്കു അസാധ്യമായ കാര്യങ്ങൾ ചെയ്യാൻ പരിശുദ്ധ അമ്മയ്ക്ക്, യേശുനാഥന്റെ ദിവ്യജനനിക്ക് സാധ്യമാണ്. ആ അമ്മയോട് അമലോത്ഭവ നാഥയോട് ഈ തിരുനാൾ ദിനങ്ങളിൽ നമുക്കും മാദ്ധ്യസ്ഥം യാചിച്ച് അനുഗ്രഹങ്ങൾ നേടാം.

# “അമലോത്ഭവം”



**പ**രിശുദ്ധ കന്യകാമറിയം - ലോക രക്ഷകന്റെ അമ്മ - രക്ഷാകര പദ്ധതിയിലെ സഹരക്ഷക ഇങ്ങനെ ഒരുപാട് വിശേഷ പുണ്യങ്ങളാൽ നിറഞ്ഞ പരിശുദ്ധ അമ്മയുടെ അതിവിശേഷ പുണ്യമാണ് അമലോത്ഭവം. ഉത്ഭവ പാപമില്ലാതെയാണ് പരിശുദ്ധ അമ്മ പിറന്നതെന്ന വിശ്വാസമാണ് അമലോത്ഭവം എന്നതിനർത്ഥമാക്കുന്നത്. അമ്മയുടെ ഉദരത്തിൽ ഉരുവായ ആദ്യനിമിഷം തന്നെ ദൈവം പ്രത്യേകമായ കൃപയാൽ മറിയത്തെ ഉത്ഭവ പാപക്കറകളിൽ നിന്ന് വിമുക്തമാക്കി എന്നു കത്തോലിക്ക സഭ നമ്മെ പഠിപ്പിക്കുന്നു. ആദിമ സഭാപിതാക്കന്മാരുടെ കാലം മുതൽക്കു തന്നെ ഈ വിശ്വാസം നിലനിന്നിരുന്നു. 1854 ഡിസംബർ 8-ന് പീയൂസ് ഒൻപതാമൻ പാപ്പ പരി. മറിയത്തിന്റെ അമലോത്ഭവം വിശ്വാസ സത്യമായി പ്രഖ്യാപിച്ചു. ഡിസംബർ 8-നാണ് മാതാവിന്റെ അമലോത്ഭവ തിരുനാൾ.

## പരിശുദ്ധ അമ്മയുടെ പ്രധാന തിരുനാളുകൾ

ജനുവരി 1 - ദൈവ മാതൃത്വ തിരുനാൾ
ഫെബ്രുവരി 11 - ലൂർദ്ദ് മാതാവിന്റെ തിരുനാൾ
മാർച്ച് 25 - മംഗല വാർത്ത തിരുനാൾ
മെയ് 31 - ഏലീശ്വായെ മാതാവ് സന്ദർശിച്ചതിന്റെ തിരുനാൾ
ജൂലൈ 16 - കർമ്മല മാതാവിന്റെ തിരുനാൾ
ആഗസ്റ്റ് 15 - മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ
ആഗസ്റ്റ് 22 - മാതാവിന്റെ സ്വർഗ്ഗരാജ്ഞി പദവി തിരുനാൾ
സെപ്തംബർ 1 - എട്ടുനോമ്പാചരണ ആരംഭം
സെപ്തംബർ 8 - മാതാവിന്റെ ജനന തിരുനാൾ
സെപ്തംബർ 15 - വ്യാകുലമാതാവിന്റെ തിരുനാൾ
ഒക്ടോബർ 7 - ജപമാല രാജ്ഞിയുടെ തിരുനാൾ
നവംബർ 21 - കന്യകാമറിയത്തിന്റെ സമർപ്പണ തിരുനാൾ
ഡിസംബർ 8 - അമലോത്ഭവ തിരുനാൾ

# ലാറ്ററൽ പാർശ്വ അൾത്താരകൾ

## വലംവയ്ക്കുന്ന ചൈതന്യധാമങ്ങൾ

കത്തോലിക്കാ ദേവാലയങ്ങളിൽ (പ്രത്യേകിച്ചും ലത്തീൻ കത്തോലിക്ക) ദേവാലയങ്ങളിൽ കാണുന്ന ചരിത്ര യാഥാർത്ഥ്യങ്ങളാണ് പാർശ്വങ്ങളിലുള്ള അൾത്താരകൾ. ഇത്തരം അൾത്താരകൾക്ക് വിശുദ്ധമായ വലിയൊരർത്ഥമുണ്ട്. ആത്മീയവും ദൈവശാസ്ത്രപരവുമായ അർത്ഥങ്ങളും മൂല്യങ്ങളും ഇതിനുണ്ട്. ദേവാലയത്തിന് മധ്യേയുള്ള പ്രധാന അൾത്താരയ്ക്ക് ഇരുവശങ്ങളിലുമായാണ് ഇവ നിർമ്മിച്ചിരിക്കുന്നത്. മധ്യദശക കാലഘട്ടങ്ങളിൽ പ്രസിദ്ധവും ശില്പ കലാചാരുതയാൽ നിറഞ്ഞതുമായ മഹത്തായ ആശ്രമദേവാലയങ്ങളിലാണ് പ്രധാനമായും ഇവ കാണുന്നത്. ആശ്രമങ്ങളിലെ നിരവധി സന്യസ്തർക്ക് ദിവ്യബലി അർപ്പിക്കുവാൻ വേണ്ടിയാണ് ഇത്തരം അൾത്താരകൾ പണിയപ്പെട്ടത്.

ആ കാലഘട്ടത്തിൽ ദിവ്യബലികളിൽ സഹകാർമികത്വം അനുവദനീയമായിരുന്നില്ല. അക്കാരണത്താൽ സന്യസ്തർക്ക് ഏകരായി ബലിയർപ്പിക്കുവാനായി കൂടുതൽ പാർശ്വ ബലിപീഠങ്ങൾ നിർമിക്കപ്പെട്ടു. വിശ്വാസികൾ തങ്ങൾ വരുന്ന സമയമനുസരിച്ച് ഏതെങ്കിലും ഒരു അൾത്താരയിൽ ദിവ്യബലിയിൽ പങ്കുചേർന്നു. മൂന്നു ചവിട്ടുപടികൾക്ക് മുകളിലായാണ് ദൈവത്തിന്റെ അൾത്താര പണിയപ്പെട്ടിരുന്നത്. ദൈവത്തിന്റെ അപ്രമാദിത്വം കാണിക്കുവാനാണ് ഏറ്റവും ഉയരത്തിൽ ഈ അൾത്താരകൾ പണിയപ്പെട്ടത്.

അന്നത്തെക്കാലത്ത് കിരാതന്മാരായ മനുഷ്യരുടെ പടയോട്ടങ്ങളിലും മതപീഡനങ്ങളിലും കൊല്ലപ്പെട്ടവരും രക്തസാക്ഷികളുമായ സന്യസ്തരുടെയും, വിശ്വാസികളുടെയും, ഭൗതികാവശിഷ്ടങ്ങൾ കല്ലറകളിൽ നിന്നും ദേവാലയങ്ങളിലേക്ക് മാറ്റി സ്ഥാപിക്കപ്പെട്ടു. ഇതിനായി പുതിയ അൾത്താരകൾ നിർമിക്കപ്പെട്ടു. ഈ അൾത്താരകളെല്ലാം പരിശുദ്ധ ദിവ്യകാരുണ്യ സക്രാരിക്കോ, പരിശുദ്ധ മറിയത്തിന്റെ മംഗലവാർത്ത തിരുനാളിനോ, കുരിശിനോ, വിശുദ്ധർക്കോ, മാലാഖമാർക്കോ ദേവാലയത്തിന്റെ സമർപ്പണ ഓർമയ്ക്കോ, അതുമല്ലെങ്കിൽ ഇത്യാദി വിശേഷ കാര്യങ്ങൾക്കോ സമർപ്പിച്ചു. ഒത്തിരി അൾത്താരകൾ വിശുദ്ധരുടെ തിരുശേഷിപ്പുകൾക്ക് വണക്കത്തിനുള്ള ഇടങ്ങളായിരുന്നു. ഇവയിൽ ചിലതിന് പരിശുദ്ധ പാപ്പയുടെ പ്രത്യേക പൊന്തിഫിക്കൽ സ്ഥാനവും നൽകിയിരുന്നു. ചില അൾത്താരകളിൽ ഏതു വിശുദ്ധനാണോ അത് സമർപ്പിച്ചിരുന്നത് ആ തിരുനാൾ ദിനങ്ങളിൽ മാത്രം ബലിയർപ്പിക്കുന്നവയായിരുന്നു.

മറ്റു ചിലതിന് ബലിയർക്കുന്നതിനുള്ള പ്രത്യേക ആനുകൂല്യം നൽകിപ്പോന്നു. വേറെ ചില അൾത്താരകൾ അനുദിനമുള്ള ദിവ്യബലിക്ക് ഉപയോഗിച്ചു പോന്നു. ഓരോ അൾത്താരയ്ക്കും ഓരോ പ്രത്യേക പേരുകൾ നൽകിയിരുന്നു. ആത്യന്തികമായി ഈ അൾത്താരകളൊക്കെ സൂചിപ്പിച്ചതും അർത്ഥമാക്കിയതും യേശുവിന്റെ സ്വയം സമർപ്പണവും അതിന്റെ അനുഗ്രഹങ്ങളുമായിരുന്നു. ചില അൾത്താരകൾ വിശുദ്ധരുടെ പ്രത്യേകതകളിലൂടെയും ദൈവം അവർക്കു നൽകിയ അനുഗ്രഹങ്ങളുടെ സാക്ഷ്യമായിരുന്നു. ചുരുക്കത്തിൽ ഈ അൾത്താരകളെല്ലാം പ്രാർത്ഥന യുടേയും ധ്യാനത്തിന്റേയും സമർപ്പണത്തിന്റേയും അടയാളങ്ങളും കേന്ദ്രങ്ങളുമായിരുന്നു.

മഞ്ഞുമ്മൽ അമലോത്ഭവമാതാ ആശ്രമദേവാലയം ഇത്തരത്തിലുള്ള അൾത്താരകളാൽ സമ്പന്നമാണ്. ഒരു പ്രധാന അൾത്താരയും, എട്ട് പാർശ്വ അൾത്താരകളും ആശ്രമദേവാലയമായതിനാൽ അന്നുണ്ടായിരുന്നു. സന്യസ്തർക്ക് മുഴുവനും ബലിയർപ്പിക്കാൻ കഴിയുന്ന സൗകര്യത്തോടുകൂടിയാണ് ഇത് നിർമ്മിച്ചിരിക്കുന്നത്. ദേവാലയ നിർമ്മാണത്തിന്റെ ആദിമ രൂപരേഖയിൽ (ഇപ്പോൾ കാർമ്മലൈറ്റ് ഹെരിറ്റേജ്, മ്യൂസിയം മഞ്ഞുമ്മലിൽ സൂക്ഷിച്ചിട്ടുണ്ട്) ഈ അൾത്താരകളും അവയുടെ ഉപയോഗത്തിന്റെ കാര്യവും സുവ്യക്തമാണ്. 1866-ലാണ് മഞ്ഞുമ്മൽ ആശ്രയദേവാലയം ആശീർവദിക്കപ്പെടുന്നത്. 1962-ലാണ് രണ്ടാംവത്തിക്കാൻ സൂനഹദോസ് ആരംഭിക്കുന്നത്. രണ്ടാംവത്തിക്കാൻ സൂനഹദോസ് വൈദീകർക്ക് സഹകാർമികത്വം ബലിയിൽ അനുവദിച്ചതോടെ പാർശ്വ അൾത്താരകളുടെ പ്രാധാന്യം സാവധാനത്തിൽ നഷ്ടമായി. ബലിയർപ്പണത്തെ പ്രധാന അൾത്താരയിലേക്ക് മാറ്റിയെങ്കിലും ഇന്നും ഈ പാർശ്വ അൾത്താരകൾക്കും ദേവാലയങ്ങളിൽ വലിയ പ്രാധാന്യമുണ്ട്. പൗരസ്ത്യ സഭകളിൽ പണ്ടുകാലം മുതലേ ഒരു അൾത്താരയെ ഉണ്ടായിരുന്നുള്ളു. ആ പാരമ്പര്യം അവർ ഇന്നും തുടർന്നുകൊണ്ടുപോകുന്നു. മഞ്ഞുമ്മൽ ആശ്രമദേവാലയത്തിലെ അൾത്താരകളിൽ ബലിയർപ്പണം തുടങ്ങുന്നത് 1866 ലാണ്. ബലിയർപ്പണം പ്രധാന അൾത്താരയിൽ മാത്രമാകുന്നത് 1983 ലാണ്. അതായത് 117 വർഷം നമ്മുടെ ദേവാലയത്തിലെ പാർശ്വ അൾത്താരകളിൽ ബലിയർപ്പണം നടന്നിരുന്നു. ഈ അൾത്താരകളെല്ലാം നാം ഒരിക്കൽകൂടി ദൈവകരങ്ങളിലേക്ക് നവംബർ 23-ാം തീയതി സമർപ്പിക്കുകയാണ്. ഈ അൾത്താരകൾ (ഈശോയുടെ തിരുഹൃദയം, വിശുദ്ധ അമ്മത്രേസ്യ, വിശുദ്ധ സെബസ്ത്യാനോസ്, വി. ഫ്രാൻസിസ് സേവ്യർ, കുരിശിന്റെ വിശുദ്ധ യോഹന്നാൻ, സെന്റ് ജോസഫും ഉണ്ണീശോയും, പരിശുദ്ധ മാതാവ് (പ്രധാന അൾത്താര), വിശുദ്ധ കൊച്ചുത്രേസ്യ, വിശുദ്ധ പത്താം പീയൂസ്) ദൈവത്തിന് പുനർസമർപ്പണം നടത്തുകയാണ്. ഇവയുടെ വിശുദ്ധിയും പുണ്യങ്ങളും നമ്മുടെ ജീവിതത്തിലേക്കും നമുക്കു സ്വീകരിക്കാം. അങ്ങനെ നമുക്ക് മഹത്തായ ഒരു പാരമ്പര്യത്തിന്റെ പിൻതലമുറക്കാരാകാം.

**വികാരിയച്ചൻ**

# പാർശ്വ അൾത്താരകൾ



ഈശോയുടെ തിരുഹൃദയം



വി. അമ്മത്രേസ്യ



വി. സെബസ്ത്യാനോസ്



വി. ഫ്രാൻസിസ് സേവ്യർ



കുരിശിന്റെ വി. യോഹന്നാൻ



വി. ജോസഫ്



വി. പത്താം പീയൂസ്



വി. കൊച്ചുത്രേസ്യ



പരിശുദ്ധ അമലോത്ഭവ മാതാവ് (പ്രധാനഅൾത്താര)



Congratulations

30-10-2022

Maijo P Johnson

Aleena mathew



Congratulations
12-09-2022

Ceelia Johny & Edwin N Sunny



Congratulations
23-10-2022

Benhur Antony
Dilmol Baiju



## Baptism

*16th October 2022*

# സേറ മരിയ റോസ്

## പള്ളിപ്പറമ്പിൽ

D/o ജിബിൻ പീറ്റർ & സ്മിനു ജിബിൻ



## Baptism

*6th November 2022*

# മൈക്കിൾ ജോസഫ് കൊറയ

S/o മാർഷൽ നിക്കോളാസ് കൊറയ & മേരി ഷിൻസി കൊറയ

# അഭിനന്ദനങ്ങൾ



കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ഡയറക്ടറായി ഗവൺമെന്റ് നിയമിച്ച ശ്രീ പി.ഡി ജോൺസൺ, നാഷണലിസ്റ്റ് കർഷക തൊഴിലാളി ഫോറം (NKTF) സംസ്ഥാന പ്രസിഡണ്ടും, NCP ദേശീയ സമിതി അംഗവുമാണ്. FACT കൊച്ചി ഐലെന്റിൽ മെക്കാനിക്കൽ ഡിപ്പാർട്ട്മെന്റിൽ ജീവന ക്കാരനും, മഞ്ഞുമ്മൽ ഇടവക വേളാങ്ക ണ്ണിമാതാ യൂണിറ്റ് അംഗവുമാണ്.



കേരള അഗ്രോ മെഷിനറി കോർപ റേഷൻ ബോർഡ് (കാംകോ) മെമ്പ റായി ഗവണ്മെന്റ് നിയമിച്ച ശ്രീ. നിക്സൺ എം.റ്റി. CPI ജില്ലാ കമ്മിറ്റി എക്സിക്യൂട്ടീവ് മെമ്പറും മഞ്ഞു മ്മൽ ഇടവക സെന്റ് ആന്റണീസ് എ യൂണിറ്റ് അംഗവുമാണ്.

# മഞ്ഞുമ്മലിലെ അമല മനോഹരി



**ആന്റണി സുനിൽ**
ഡോൺ ബോസ്കോ യൂണിറ്റ്



മഞ്ഞുമ്മലമ്മേ അമലോത്ഭവേ
മഞ്ഞുപോൽ നിർമ്മലയായവളെ (2)
മാധുര്യമേകും മാതൃത്വമേ
മാനവർക്കെന്നും ആശ്രയമേ (2)
അമല മനോഹരീ മാതാവേ
ഞങ്ങളെയെന്നും കാത്തിടേണെ
അമല മനോഹരീ മാതാവേ
ഞങ്ങളിലെന്നും കനിയണമേ.

നന്മകളേകും മലരുകളായ്
ഞങ്ങളിലെന്നും വിരിയണമേ
സ്നേഹമേകും പൊൻവിളക്കായ്
ഞങ്ങളിലെന്നും തെളിയണമേ
സ്നേഹരാജ കന്യകയെ
നിൻ സ്തുതിഗീതികൾ പാടിടുന്നു
(അമല മനോഹരീ...)

നന്മകളൊഴുകും നിറകുടമായ്
ഞങ്ങളിലെന്നും നിറയണമേ
ആത്മീയമായ് അനുഗ്രഹങ്ങൾ
ഞങ്ങളിലെന്നും നിറഞ്ഞീടേണേ
സ്നേഹ സ്വർഗ്ഗ രാജ്ഞിയെ
നിൻ സ്തുതിഗീതികൾ പാടിടുന്നു
(മഞ്ഞുമ്മലമ്മേ...)

**കു**ടുംബയൂണിറ്റ് വാർഷികങ്ങളുടെ തുടർച്ചയായി സെപ്തംബർ, ഒക്ടോബർ മാസങ്ങളിലും വിവിധ യൂണിറ്റുകളുടെ വാർഷികം ഏറ്റവും ഭംഗിയായി തന്നെ ഓരോ യൂണിറ്റും നടത്തുകയുണ്ടായി. ഈ യൂണിറ്റുകളുടെ വാർഷികദിനങ്ങളിൽ രാവിലെ 6 മണിക്കും, 9 മണിക്കുമുള്ള ദിവ്യബലികൾക്ക് വാർഷികം നടത്തുന്ന യൂണിറ്റുകളാണ് നേതൃത്വം നൽകിയത്. വൈകീട്ട് 5.30 നും 7 മണിക്കുമായി 4 യൂണിറ്റുകളുടെ വാർഷികങ്ങൾ വീതം ഓരോ ഞായറാഴ്ചകളിലുമായി നടത്തി.




സെപ്തംബർ 22-ാം തീയതി ഇടവക അസി. വികാരി ഡാനി അച്ചന്റെ ജന്മദിനവും സെപ്റ്റംബർ 23-ാം തീയതി വികാരി ടൈറ്റസ് അച്ചന്റെ ജന്മദിനവും ആഘോഷിച്ചു.

## ഫാത്തിമ മാതാ കപ്പേളയിൽ തിരുനാൾ ആഘോഷിച്ചു

ഒക്ടോബർ മാസത്തിൽ ഫാത്തിമ മാതാ ദേവാലയത്തിലും JNM ദേവാലയത്തിലും അവസാന പത്ത് ദിവസം ഇടവക ദേവാലയത്തിലും മാതാവിന്റെ ജപമാല ഏറ്റവും ഭക്തിയോടെ ആഘോഷിക്കുകയുണ്ടായി. ഒക്ടോബർ 14, 15, 16 തീയതികളിൽ മുട്ടാർ ഫാത്തിമ മാതാ ദേവാലയത്തിൽ ഫാത്തിമ മാതാവിന്റെയും, വി. യൂദാ തദേവൂസിന്റെയും തിരുനാൾ ഏറ്റം ഭക്തിയോടെ ആഘോഷിച്ചു.

14 വെള്ളി 5.45 ന് പ്രസുദേന്തി വാഴ്ചയെ തുടർന്ന് ഇടവക വികാരി റവ.ഫാ.ടൈറ്റസ് കാരിക്കാശേരി തിരുനാളിന് കൊടികയറ്റി. അതിരൂപത മതബോധന ഡയറക്ടർ റവ. ഫാ. വിൻസന്റ് നടുവിലപ്പറമ്പിൽ

മുഖ്യകാർമ്മികനായിരുന്നു. പ്രസംഗം: റവ.ഫാ. ജിജോ റോക്കി ഓളാട്ടുപുറത്ത്. അന്നേദിനം വൈകിട്ട് മതബോധന വാർഷികവും ആഘോഷിച്ചു.

ഒക്ടോബർ 15 കുടുംബദിനത്തിൽ വൈകിട്ട് 6 മണിക്കുള്ള ദിവ്യബലിയിൽ മുഖ്യകാർമ്മികൻ റവ. ഫാ. വർഗീസ് കണിച്ചുകാട്ട് OCD, പ്രസംഗം റവ. ഫാ. നെൽസൺ ജോബ് OCD, കോൺവെന്റ് ജംഗ്ഷൻവരെ പ്രദക്ഷിണവും ഉണ്ടായിരുന്നു.

ഒക്ടോബർ 16 തിരുനാൾദിനത്തിൽ രാവിലെ 9 ന് ആഘോഷമായ തിരുനാൾ ദിവ്യബലി. മുഖ്യകാർമ്മികൻ റവ. ഫാ. ബോസ്കോ കൊറയ OCD, പ്രസംഗം ഫാ. ഡേവിഡ് റോഡ്രിക്സ് OCD, പ്രദക്ഷിണം മുട്ടാർ പാലംവരെ ഉണ്ടായിരുന്നു. വൈകിട്ട് 6.30 ന് കുടുംബയൂണിറ്റ് കലാപരിപാടികളും സിംഫണി മ്യൂസിക് ബീറ്റ്സ് മഞ്ഞുമ്മലിന്റെ കരോക്കെ ഗാനമേളയും ഉണ്ടായിരുന്നു.

നവംബർ 1 ന് സകല വിശുദ്ധരുടെയും ഓർമയിൽ ദിവ്യബലി അർപ്പിച്ചു.

നവംബർ 2-ാം തീയതി രാവിലെ 6 മണിമുതൽ ദേവാലയത്തിൽ തുടർച്ചയായി 3 ദിവ്യബലികൾ അർപ്പിച്ചു. വൈകിട്ട് 5.30 ന് സെമിത്തേരി യിൽ മരിച്ചവർക്കു വേണ്ടിയുള്ള ദിവ്യബലി അർപ്പിച്ചു.

## മതബോധന വാർത്തകൾ

അമലോത്ഭവ മാതാ മതബോധന വിഭാഗം 12-ാം ക്ലാസിലെ കുട്ടികൾ ജപമാല മാസാചരണത്തിന്റെ ഭാഗമായി 23/10/2022-ന് ജപമാല പ്രദർശനം നടത്തുകയുണ്ടായി.

പച്ചക്കറികളും പയറു വർഗ്ഗങ്ങളും ഉപയോഗിച്ച് നിർമിച്ച 23 ജപമാലകൾ കുട്ടികൾ പ്രദർശനത്തിനു വച്ചിരിന്നു.





പ്രദർശനത്തിന് വച്ച ജപമാലകൾ

## യുവജന വാർത്തകൾ

മഞ്ഞുമ്മൽ കാർമൽ യൂത്തിന്റെ നേതൃത്വത്തിൽ ജപമാല മാസത്തിന്റെ അവസാന ദിനത്തിലെ ദിവ്യബലിക്കും ജപമാലയ്ക്കും തുടർന്നുള്ള പ്രദക്ഷിണത്തിനും പരിപാടികൾക്കും, യുവജനങ്ങൾ നേതൃത്വം നൽകുകയുണ്ടായി. മാതാവിന്റെ തിരുസ്വരൂപം അലങ്കരിച്ചും ദേവാലയം വർണ്ണ ദീപങ്ങൾക്കൊണ്ട് അലങ്കരിക്കുകയും ചെയ്തു. ജപമാലയ്ക്കു ശേഷം കാർമൽ യൂത്തിലെ യുവജനങ്ങൾ അവതരിപ്പിച്ച ഫ്ളാഷ് മോബ് ഇടവകാംഗങ്ങൾക്ക് വ്യത്യസ്തത പകർന്നു. ദേവാലയം അലങ്കരിച്ചതിനും മാതാവിന്റെ തിരുസ്വരൂപം ഒരുക്കിയതിനും എല്ലാ യുവജനങ്ങൾക്കും കാർമൽ യൂത്തിന്റെ പേരിൽ നന്ദി അറിയിക്കുന്നു. തുടർന്നും യൂത്തിന്റെ വിവിധ പരിപാടികൾക്ക് സഹായിച്ചു കൊണ്ടിരിക്കുന്ന എല്ലാ സ്നേഹം നിറഞ്ഞ ഇടവകാംഗങ്ങൾക്കും നന്ദി അറിയിക്കുന്ന തോടൊപ്പം തന്നെ തുടർന്നും ഓരോ കുടുംബാംഗങ്ങളുടെയും സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.



ജപമാലയ്ക്ക് നേതൃത്വം നൽകിയ യുവജനങ്ങൾ വികാരിയച്ചനോടും കൊച്ചച്ചനോടുമൊപ്പം

# സ്കോളർഷിപ്പ് വിതരണം നടത്തി

അമലോത്ഭവ മാതാ ഹയർ എഡ്യൂക്കേഷൻ ഫണ്ടിന്റെ ആഭിമുഖ്യത്തിൽ നമ്മുടെ ഇടവകയിൽ നിന്നു വിദ്യാഭ്യാസ രംഗത്ത് മികച്ച വിജയം കൈവരിച്ച വരെ ആദരിച്ചു. മഞ്ഞുമ്മൽ ഇടവകയിലെ വിദ്യാർത്ഥികളുടെ ഉന്നത വിദ്യാ ഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് നമ്മുടെ വിദ്യാർത്ഥികളെ എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് അമലോ ത്ഭവ മാതാ ഹയർ എഡ്യൂക്കേഷൻ ഫണ്ട് പ്രവർത്തിക്കുന്നത്.

ബിരുദാനന്തര ബിരുദം, ഡിപ്ലോമ എന്നിവയ്ക്ക് ഉയർന്ന മാർക്ക് ലഭി ച്ചവർക്കും, റാങ്ക് ജേതാക്കൾക്കും, +2, 10-ാം ക്ലാസ്സ് എന്നീ പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും A+, A ലഭിച്ചവരെയുമാണ് സ്കോളർഷിപ്പിന് തിര ഞ്ഞെടുത്തത്. സ്കോളർഷിപ്പിന് അർഹരായവർക്ക് ഇടവക ദേവാലയത്തിൽ വച്ച് ബഹുമാനപ്പെട്ട വികാരി ഫാദർ ടൈറ്റസ് കാരിക്കശ്ശേരി സ്കോളർഷി പ്പുകൾ നല്കി ആദരിച്ചു. സഹവികാരി ഡാനിയച്ചൻ, ഫാമിലി യൂണിറ്റ് സെൻട്രൽ കമ്മിറ്റി ലീഡർ വർഗ്ഗീസ് പുളിക്കൽ, മതബോധന മുഖ്യ അധ്യാ പകൻ ആന്റണി രാജു, സെക്രട്ടറി ഫ്രാൻസീസ് ഡിക്രൂസ് എന്നിവർ സന്നി ഹിതരായിരുന്നു.



സ്കോളർഷിപ്പ് ജേതാക്കൾ വികാരിയച്ചനോടും കൊച്ചച്ചനോടും ഭാരവാഹികളോടും ഒപ്പം

**സ്കോളർഷിപ്പിന് അർഹരായവർ**

1. ഷാരോൺ സി. ലാസർ M.Tech. (Electrical and Electronics Engineering)
2. ക്രിസ്റ്റീന പ്രകാശ്യ BSc Physics
3. ആൻ റോസ് സാബു B.F.A. (Batchelor of Fine Arts)
4. ഡിനോ ഡേവിഡ് (Diploma in Chemical Engineering)

## +2 എല്ലാ വിഷയങ്ങൾക്കും A+ ലഭിച്ചവർ

1. സിജ ജോസഫ്
2. എലിസബത്ത് മെറിൻ സൈമൺ

## +2 എല്ലാ വിഷയങ്ങൾക്കും A+ അല്ലെങ്കിൽ A ലഭിച്ചവർ

1. ഡോണൽ ഡിക്സൺ
2. അഭിയ് ജോൺ
3. അയന ഷാലെറ്റ്
4. ഡെറിക്ക് തോമസ്
5. ആൻ റോസ് എയ്ഞ്ചൽ
6. ജോസഫ് ലിവിൻ ജോബി
7. ഹെലീന വില്ല്യം
8. സെഡ്ന സെബാസ്റ്റ്യൻ
9. അലീന ബിനൽഡ്

## 10-ാം ക്ലാസ്സ് എല്ലാ വിഷയങ്ങൾക്കും A+ ലഭിച്ചവർ

1. ജോൺ സാവിയോ പ്രകാശ്യ
2. മേരി സ്നേഹ ഡെന്നി
3. അലിസിയ പയസ്
4. നീരജ് ജോസഫ്
5. ആൻ മരിയ അലീന
6. ഡിയോൺ ജോൺ ജോസഫ്
7. അഗിന റോയ്

## 10-ാം ക്ലാസ്സ് എല്ലാ വിഷയങ്ങൾക്കും A+ അല്ലെങ്കിൽ A ലഭിച്ചവർ

1. സെവാനിയ സെബാസ്റ്റ്യൻ
2. ജോസഫ് മെൽബിൻ
3. ഐസക്ക് സേവ്യർ

## താഴെപ്പറയുന്ന എൻഡോവ്മെന്റുകളാണ് വിതരണം ചെയ്തത്

1. റവ. ഫാ. ഫ്രാൻസീസ് വേലശ്ശേരി എഡ്യൂക്കേഷനൽ അവാർഡ്
2. അനീറ്റ മനോജ് ചക്കാലക്കൽ എൻഡോവ്മെന്റ്
3. E.T. ജോർജ്ജ് മാസ്റ്റർ ഇരിങ്ങോലിൽ എൻഡോവ്മെന്റ്
4. C.J. ബർണ്ണാർഡ് കളപ്പുരക്കൽ എൻഡോവ്മെന്റ്
5. മേരി ആന്റണി വേലശ്ശേരി എൻഡോവ്മെന്റ്
6. ജോസഫ് സിമേന്തി - ലിസി സിമേന്തി എൻഡോവ്മെന്റ്
7. മേരി ആന്റണി ആലപ്പാട്ട് എൻഡോവ്മെന്റ്
8. റോസ ജോസഫ് കടപ്പെരിങ്ങൽ എൻഡോവ്മെന്റ്

## പരിശുദ്ധ അമലോത്ഭവ മാതാവിന്റെ
## 157 – ാം ദർശന തിരുനാൾ തിരുക്കർമ്മങ്ങൾ

### തിരുനാളിന് ഒരുക്കമായുള്ള നൊവേന 2022 നവംബർ 23 ബുധൻ ആരംഭിച്ച് 2022 ഡിസംബർ 1ന് സമാപിക്കുന്നു.

**2022 ഡിസംബർ 2 വെള്ളി മതബോധന ദിനം**

| | | |
|---|---|---|
| രാവിലെ 6.00ന് | : | ദിവ്യബലി |
| വൈകീട്ട് 5.30ന് | : | **കൊടികയറ്റം** |
| | | **റവ. ഫാ. ടൈറ്റസ് കാരിക്കശ്ശേരി ഒ.സി.ഡി.** (വികാരി) |
| | | ദിവ്യബലി |
| മുഖ്യകാർമ്മികൻ | : | **റവ. ഫാ. വർഗ്ഗീസ് കണിച്ചുകാട്ട് ഒ.സി.ഡി.** |
| | | (വികാർ പ്രൊവിൻഷ്യാൾ, അത്മായ കർമ്മലീത്താസഭ) |
| പ്രസംഗം | : | **റവ. ഫാ. വിൻസന്റ് നടുവിലപ്പറമ്പിൽ** |
| | | (വരാപ്പുഴ അതിരൂപത മതബോധന വിഭാഗം ഡയറക്ടർ) |
| കാഴ്ചസമർപ്പണം | : | മതബോധനവിഭാഗം |

**2022 ഡിസംബർ 3 ശനി വി. ഫ്രാൻസിസ് സേവ്യറിന്റെ തിരുനാൾ. പ്രേഷിത ദിനം**

| | | |
|---|---|---|
| രാവിലെ 6.00ന് | : | ദിവ്യബലി |
| വൈകീട്ട് 6.00ന് | : | ദിവ്യബലി |
| മുഖ്യകാർമ്മികൻ | : | **റവ. ഫാ. ബോസ്ക്കോ കൊറയ ഒ.സി.ഡി.** |
| | | (വികാർ പ്രൊവിൻഷ്യാൾ, മഞ്ഞുമ്മൽ പ്രൊവിൻസ്) |
| പ്രസംഗം | : | **റവ. ഫാ. ജോസ് റീഗൺ പൊടുത്താസ് ഒ.സി.ഡി.** |
| | | (പ്രൊവിൻഷ്യാൾ ഹൗസ്, കളമശ്ശേരി) |
| | | **പ്രദക്ഷിണം** (കുരിശുപള്ളി വരെ) **ലദീഞ്ഞ** |

**2022 ഡിസംബർ 4 ഞായർ ഇടവകദിനം**

| | | |
|---|---|---|
| രാവിലെ 6.00, 7.00,9.00 | : | ദിവ്യബലി |
| രാവിലെ 8.30ന് | : | പ്രസുദേന്തി തെരഞ്ഞെടുപ്പ് |
| വൈകീട്ട് 6.00ന് | : | ദിവ്യബലി |
| മുഖ്യകാർമ്മികൻ | : | **റവ. ഫാ. സക്കറിയാസ്, പാവനത്തറ** |
| | | (ഫൊറോന വികാരി, കളമശ്ശേരി) |
| പ്രസംഗം | : | **റവ. ഫാ. ജോസഫ് ഷെൽട്ടൻ കാക്കരിയിൽ ഒ.സി.ഡി.** |
| | | (സെന്റ് ജോസഫ്സ് മൊണാസ്ട്രി, കുട്ടിക്കാനം) |
| കാഴ്ചസമർപ്പണം | : | കുടുംബയൂണിറ്റ് ഭാരവാഹികൾ |
| | | **ലദീഞ്ഞ, ലത്തോറന്മാരുടെ വാഴ്ച** |

**2022 ഡിസംബർ 5 തിങ്കൾ യുവജനദിനം**

| | | |
|---|---|---|
| രാവിലെ 6.00ന് | : | ദിവ്യബലി |
| വൈകീട്ട് 6.00ന് | : | ദിവ്യബലി |
| മുഖ്യകാർമ്മികൻ | : | **ആൻഡ്രൂസ് പുത്തൻപറമ്പിൽ ഒ.സി.ഡി.** (പ്രൊവിൻഷ്യാൾ കൗൺസിലർ) |
| പ്രസംഗം | : | **റവ. ഫാ. മൈക്കിൾ പുന്നയ്ക്കൽ ഒ.സി.ഡി.** (കാർമൽ മൗണ്ട് മൊണാസ്ട്രി, വൈത്തിരി) |
| കാഴ്ചസമർപ്പണം | : | യുവജനങ്ങൾ |

**2022 ഡിസംബർ 6 ചൊവ്വ കുടുംബദിനം**

| | | |
|---|---|---|
| രാവിലെ 6.00ന് | : | ദിവ്യബലി |
| രാവിലെ 9.00ന് | : | വാഹനവെഞ്ചിരിപ്പ് |
| വൈകീട്ട് 6.00ന് | : | പ്രസുദേന്തിവാഴ്ച, ദിവ്യബലി |
| മുഖ്യകാർമ്മികൻ | : | **റവ. ഫാ. ബെന്നി അച്ചാരുപറമ്പിൽ ഒ.സി.ഡി.** (പ്രൊവിൻഷ്യാൾ കൗൺസിലർ) |
| പ്രസംഗം | : | **റവ. ഫാ. വിൽസൻ, സ്രാമ്പിക്കൽ ഒ.സി.ഡി.** (പ്രസിഡന്റ്, ജ്യോതിർഭവൻ, കളമശ്ശേരി) |
| കാഴ്ചസമർപ്പണം | : | ദമ്പതിമാർ |

**2022 ഡിസംബർ 7 ബുധൻ കർമലീത്താ ദിനം**

| | | |
|---|---|---|
| രാവിലെ 6.00ന് | : | ദിവ്യബലി |
| ഉച്ചയ്ക്ക് 2.30ന് | : | **പരിശുദ്ധ അമ്മയുടെ തിരുസ്വരൂപം പള്ളിയിറക്കം** തുടർന്ന് **സാരിമാല ചാർത്തൽ** |
| വൈകീട്ട് 5.00ന് | : | **ബഹു. പ്രൊവിൻഷ്യാളച്ചന് സ്വീകരണം** |
| വൈകീട്ട് 5.30ന് | : | പരിശുദ്ധ അമ്മയുടെ തിരുസ്വരൂപം എഴുന്നള്ളിക്കൽ, ദിവ്യബലി |
| മുഖ്യകാർമ്മികൻ | : | **വെരി. റവ. ഫാ. തോമസ് മരോട്ടിക്കപ്പറമ്പിൽ ഒ.സി.ഡി.** (പ്രൊവിൻഷ്യാൾ, മഞ്ഞുമ്മൽ പ്രൊവിൻസ്) |
| പ്രസംഗം | : | **റവ. ഫാ. അഗസ്റ്റിൻ മുല്ലൂർ ഒ.സി.ഡി.** (ഹോളി ഫാമിലി മൊണാസ്ട്രി, സെമിത്തേരിമുക്ക്) |
| കാഴ്ചസമർപ്പണം | : | അല്മായ കർമലീത്തസഭ, ഇടവകയിലെ വൈദികരുടെയും സന്യസ്തരുടെയും കുടുംബാംഗങ്ങൾ<br>**ആഘോഷമായ പട്ടണപ്രദക്ഷിണം** (വടക്കോട്ട്), **വർണകാഴ്ച** |

**2021 ഡിസംബർ 8 വ്യാഴം    തിരുനാൾദിനം**

| | | |
|---|---|---|
| രാവിലെ 6.00ന് | : | ദിവ്യബലി |
| രാവിലെ 9.30ന് | : | ആഘോഷമായ തിരുനാൾ ദിവ്യബലി |
| മുഖ്യകാർമ്മികൻ | : | **മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ**<br>(വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത) |
| പ്രസംഗം | : | **റവ. ഫാ. ഡാനി കപ്പൂച്ചിൻ**<br>(പ്രൊവിൻഷ്യാൾ കൗൺസിലർ,<br>ലിറ്റിൽ ഫ്ളവർ കപ്പൂച്ചിൻ മൊണാസ്ട്രി, അഞ്ചൽ) |
| കാഴ്ചസമർപ്പണം | : | പ്രസുദേന്തിമാർ<br>**പ്രദക്ഷിണം** (കുരുശ്പള്ളിവരെ)<br>**പരിശുദ്ധ കുർബാനയുടെ ആശീർവാദം** |
| രാവിലെ 11.30ന്, | | |
| ഉച്ചയ്ക്ക് 2.30ന്, | | |
| വൈകീട്ട് 4.00ന് | : | ദിവ്യബലി |
| വൈകീട്ട് 5.30ന് | : | ദിവ്യബലി (ഇംഗ്ലീഷ്) |
| മുഖ്യകാർമ്മികൻ | : | **റവ. ഫാ. ബ്രിഗേൽ വിക്ടർ ഒ.സി.ഡി.**<br>(ഹോളി ഫാമിലി മൊണാസ്ട്രി, സെമിത്തേരിമുക്ക്) |
| | | **കലാസന്ധ്യ** |

**2022 ഡിസംബർ 9 വെള്ളി**

| | | |
|---|---|---|
| രാവിലെ 6.00ന് | : | ദിവ്യബലി |
| വൈകീട്ട് 3.00ന് | : | ദിവ്യബലി (ഇടവകയിൽ നിന്ന് മരിച്ച് പോയവർക്ക് വേണ്ടി) |
| വൈകീട്ട് 5.30ന് | : | ദിവ്യബലി, പ്രസംഗം |
| മുഖ്യകാർമ്മികൻ | : | **റവ. ഫാ. ജോർജ്ജ് കുറുപ്പത്ത്**<br>(വികാരി, സെന്റ് ഫ്രാൻസിസ് സേവ്യേഴ്സ് ചർച്ച്,<br>പോണേൽ) |

**2022 ഡിസംബർ 10 ശനി**

| | | |
|---|---|---|
| രാവിലെ 6.00ന് | : | ദിവ്യബലി |
| വൈകീട്ട് 3.00ന് | : | ദിവ്യബലി (കുട്ടികൾക്ക് വേണ്ടി) **എഴുത്തിനിരുത്ത്** |
| വൈകീട്ട് 5.30ന് | : | ദിവ്യബലി, പ്രസംഗം |
| മുഖ്യകാർമ്മികൻ | : | **റവ. ഫാ. ആന്റണി പൊൻവേലി ഒ.സി.ഡി.**<br>(സുപ്പീരിയർ ഹോളി ഫാമിലി മൊണാസ്ട്രി,<br>സെമിത്തേരിമുക്ക്) |

**2022 ഡിസംബർ 11 ഞായർ**

| | | |
|---|---|---|
| രാവിലെ 6.00, 7.30, 9.00 | : | ദിവ്യബലി |
| വൈകീട്ട് 3.00ന് | : | ദിവ്യബലി (രോഗികൾക്കും, വയോജനങ്ങൾക്കും വേണ്ടി) |
| വൈകീട്ട് 5.30ന് | : | ദിവ്യബലി, പ്രസംഗം |
| മുഖ്യകാർമ്മികൻ | : | **റവ. ഫാ. പ്രവീൺ ഡിക്കൂഞ്ഞ ഒ.സി.ഡി.** (ജ്യോതിർഭവൻ, കളമശ്ശേരി) |

**2022 ഡിസംബർ 12 തിങ്കൾ**

| | | |
|---|---|---|
| രാവിലെ 6.00ന് | : | ദിവ്യബലി |
| വൈകീട്ട് 5.30ന് | : | ദിവ്യബലി, പ്രസംഗം |
| മുഖ്യകാർമ്മികൻ | : | **റവ. ഫാ. ബിനീഷ് ഇലഞ്ഞിക്കൽ ഒ.സി.ഡി.** (കാർമലൈറ്റ് പ്രൊവിൻഷ്യാൾ ഹൗസ്, കളമശ്ശേരി) |

**2022 ഡിസംബർ 13 ചൊവ്വ**

| | | |
|---|---|---|
| രാവിലെ 6.00ന് | : | ദിവ്യബലി |
| വൈകീട്ട് 5.30ന് | : | ദിവ്യബലി, പ്രസംഗം |
| മുഖ്യകാർമ്മികൻ | : | **റവ. ഫാ. ജോസഫ് കോളിൻസ് ഇലഞ്ഞിക്കൽ** (വികാരി, സെന്റ് തോമസ് ചർച്ച്, കുറ്റിക്കാട്ടുകര) |

**2022 ഡിസംബർ 14 ബുധൻ പിതൃദിനം**

| | | |
|---|---|---|
| രാവിലെ 6.00ന് | : | ദിവ്യബലി |
| വൈകീട്ട് 5.30ന് | : | ദിവ്യബലി, പ്രസംഗം |
| മുഖ്യകാർമ്മികൻ | : | **റവ. ഫാ. ആന്റണി വിപിൻ വേലിക്കകത്ത്** (വികാരി, സെന്റ് പയസ് X ചർച്ച്, കളമശ്ശേരി) |
| കാഴ്ചസമർപ്പണം | : | പിതാക്കന്മാർ |

**2022 ഡിസംബർ 15 വ്യാഴം മാതൃദിനം**

| | | |
|---|---|---|
| രാവിലെ 6.00ന് | : | ദിവ്യബലി |
| വൈകീട്ട് 5.30ന് | : | ദിവ്യബലി |
| മുഖ്യകാർമ്മികൻ | : | **വെരി. റവ. ഫാ. എബിജിൻ അറയ്ക്കൽ** (ചാൻസലർ, വരാപ്പുഴ അതിരൂപത) |
| പ്രസംഗം | : | **റവ. ഫാ. ജോഷി കൊടിയന്തറ ഒ.സി.ഡി.** (റെക്ടർ, വരാപ്പുഴ ബസിലിക്ക) |
| കാഴ്ചസമർപ്പണം | : | അമ്മമാർ |
| | | പ്രദക്ഷിണം (ചേരാനല്ലൂർ കടവിലേക്ക്) |
| | | **കൊടിയിറക്കം** |
| രാത്രി 10.30ന് | : | പരിശുദ്ധ അമ്മയുടെ തിരുസ്വരൂപം എടുത്തുവയ്ക്കൽ |



## നവാതിഥികൾ

1. **ഡിയോൺ ആന്റണി ഡിക്കോസ്റ്റ**
   S/o കളപ്പുരക്കൽ ആന്റണി നിഫിൻ ഡിക്കോസ്റ്റ & ഡിന്ന ആൽവിൻ
2. **ഇസാക്ക് എബി**
   S/o കപ്പിത്താൻപറമ്പിൽ എബി ജെയിംസ് & നയന സെബാസ്റ്റിൻ
3. **എസക്കിയേൽ ലിയാം കൊറയ**
   S/o പൂവത്തുംപറമ്പിൽ ജസൻ കൊറയ & നിമ ജോൺ
4 **റിസ മരിയ**
   D/o പള്ളിപ്പറമ്പിൽ ഡിക്സൺ ആന്റണി & രമ്യ മേരി
5. **ആബ്നർ ആന്റണി ഡിക്കോത്ത**
   S/o കരിവരപ്പറമ്പിൽ ആന്റണി ഡ്രിംസൺ ഡിക്കോത്ത & ആൻസോണിയ ആന്റണി
6. **സേറ മരിയ റോസ്**
   D/o പള്ളിപ്പറമ്പിൽ ജിബിൻ പീറ്റർ & സ്മിനു എലിസബത്ത്
7. **ആദിയ ബൈജു**
   D/o കൊങ്ങണത്ത് ചരിവുകാലായിൽ ബൈജു & മഞ്ജു മൈക്കിൾ

## ഒന്നായവർ



1. അന്തിക്കാട്ട് ബിഫിൻ ക്ലീറ്റസ് & പുത്തൻതറയിൽ ടിങ്കിൾ
2. ഉഴുന്നുംകാട്ടിൽ ബെൻഹർ ആന്റണി & ആഞ്ഞിലിക്കാട്ട് ദിൽമോൾ ബൈജു

# നിത്യതയിലേക്ക്

അവിടുന്ന് എന്നെ ഏൽപ്പിച്ച ജോലി പൂർത്തിയാക്കികൊണ്ട്
ഭൂമിയിൽ അവിടുത്തെ ഞാൻ മഹത്വപ്പെടുത്തി (യോഹ 16:6)



**അനൂജ ജോസി**
കുറ്റിക്കാട്ട്



**ബേബി സേവ്യർ**
പുത്തൻപുരക്കൽ



**ഫ്രാൻസിസ്**
പള്ളത്ത്



**മേരി അന്തപ്പൻ**
താന്നിക്കാപ്പിള്ളി



**ഫിലോമിന ജോസഫ് (ബേബി)**
വല്ലേപ്പറമ്പിൽ



**വി.ജെ. ഏയ്ഞ്ചൽ**
വയലിത്തറ

# പാവനസ്മരണയ്ക്ക്

5–ാം ചരമവാർഷികം



## ജേക്കബ്

കോയ്മക്കാട് ഹൗസ്

ജനനം: 20–05–1947
മരണം: 10–12–2017

1–ാം ചരമവാർഷികം



## മേരി ജേക്കബ്

കോയ്മക്കാട് ഹൗസ്

ജനനം: 21–10–1949
മരണം: 16–06–2021

# ആദരാഞ്ജലികൾ



## ഫാ. ഡൊമിനിക് തൈപ്പറമ്പിൽ OCD

# GOLDEN JUBILEE

50 years

1972-2022



# Sr. Jacintha Chandy

**FRANCISCAN MISSIONARIES OF MARY**
**(FMM Congregation)**
**Maris Stella Convent,**
**Vijayawada, Andhra Pradesh.**

**Late Varghese Mattummel & Family, Pious Mattummel & Family**
**Late Mercy Valiyaparambil & Family, Elizabeth Thuppathil & Family**